**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.636 28.09.2011 ൽ മറുപടിക്ക്.**

**<u>ആറ്റിങ്ങൽ വലിയകുന്ന് സർക്കാർ ആശുപത്രിയിലെ അപര്യാപ്തതകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)**<br>താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസിലേക്ക് ഉയർത്തിയ ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലെ വലിയകുന്ന് സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം എത്രയാണ്; അപ്രകാരം ഉയർത്തുമ്പോൾ ലഭിക്കുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണ്; സ്പെഷ്യലിസ്റ്റ് തസ്തികയടക്കം വിശദമാക്കാമോ; | **എ)**<br>നിലവിൽ താലൂക്കാശുപത്രിയാക്കിയ ആറ്റിങ്ങൽ ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ ചുവടെ ചേർക്കുന്നു.<br>അസിസ്റ്റന്റ് സർജൻ - 3<br>സിവിൽ സർജൻ - 1<br>ഡെന്റൽ അസിസ്റ്റന്റ് സർജൻ - 1<br>ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) - 1<br>ഒഫ്താൽമോളോജി - 1<br>പീഡിയാട്രിക്സ് - 1<br>ഗൈനക്കോളജി - 1 |
| **ബി)**<br>പ്രസ്തുത ആശുപത്രിയിൽ നിന്ന് രണ്ടുപേരെ സ്ഥിരമായി വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി മറ്റ് ആശുപത്രികളിൽ അവരവരുടെ സൗകര്യത്തിനായി മാറ്റി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി)**<br>നിലവിൽ രണ്ട് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ട്. |
| **സി)**<br>പ്രസ്തുത ആശുപത്രിയിൽ നിലനിൽക്കുന്ന അപര്യാപ്തത പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ? | **സി)**<br>പ്രസ്തുത ആശുപത്രിയിൽ നിലനിൽക്കുന്ന അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**